Vol 05 Issue 03
April 2014

FROM THE HOUSE OF ESAF

# LAHANTI

...means development in Santhali, the language of an underdeveloped tribal group in Eastern India.

ESAF MICROFINANCE & INVESTMENTS

## ചിന്തിക്കൂ ഒരു നിമിഷം

# 'ഇരിപ്പു ദീനം'



ദിവസത്തിൽ ഉണർന്നിരിക്കുന്ന സമയത്തിന്റെ നല്ലൊരു ഭാഗം നാം ഇരിക്കുകയാണെന്ന സത്യം മനസ്സിലാക്കിയിട്ടുണ്ടോ? ജോലിക്കു പോകുമ്പോൾ ഏതെങ്കിലും വാഹനത്തിൽ ഇരുന്നു യാത്ര ചെയ്യുന്നു. ജോലിസ്ഥലത്ത് 8 മണിക്കൂറോളം ഇരിക്കുന്നു. തിരിച്ചു വീട്ടിലേക്ക് ഇരുന്നു യാത്ര ചെയ്യുന്നു. പിന്നെ, വീട്ടിൽ വന്ന് കുറെ സമയം ടി വി യുടെ മുൻപിൽ ഇരിക്കുന്നു. വിദ്യാർത്ഥികളാണെങ്കിൽ ഓഫീസ് മുറിക്കു പകരം ക്ലാസ് മുറിയിലായിരിക്കും ഇരിക്കുന്നത് എന്ന വ്യത്യാസം മാത്രം. ശരീരമനങ്ങാതെയുള്ള ജീവിത ശൈലി 'ഇരിപ്പു ദീന'ത്തിലേക്ക് നയിക്കുവാൻ സാധ്യതയുണ്ടെന്നുള്ള സത്യം മറക്കാതെയിരിക്കാം. ശരീരത്തിന് വേണ്ട വ്യായാമം ലഭിക്കാത്ത ജീവിത ശൈലി (Sedentary Lifestyle) മൂലം ഉണ്ടാകുന്ന രോഗങ്ങളുടെ ഗണത്തെയാണ് ആരോഗ്യ പ്രവർത്തകർ 'ഇരിപ്പു ദീനം' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്.

ഗവേഷണ ഫലങ്ങൾ കാണിക്കുന്നത് ശാരീരിക വ്യായാമമില്ലാത്ത ജീവിത രീതി ഹൃദ്രോഗം, പ്രമേഹം, ക്യാൻസർ, പൊണ്ണത്തടി മുതലായവ ഉണ്ടാകുവാനുള്ള സാധ്യത വളരെ വർദ്ധിപ്പിക്കുന്നു എന്നാണ്. തികഞ്ഞ ആരോഗ്യമുള്ളവരായിരിക്കണമെങ്കിൽ ശാരീരിക വ്യായാമം കൂടിയേ തീരൂ. ഇന്ത്യയിലെ പ്രഗത്ഭ ഹൃദ്രോഗ വിദഗ്ദരിൽ ഒരാളായ ഡോ. അനിൽ ബൻസാന്റെ അഭിപ്രായത്തിൽ ദിവസവും 20 മുതൽ 30 മിനിറ്റുവരെ നടക്കുന്നതാണ് ഹൃദ്രോഗത്തെ അകറ്റി നിർത്തുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം. വേഗത്തിലുള്ള നടപ്പ് ഹൃദയമിടിപ്പിന്റെ വേഗത വർദ്ധിപ്പിച്ച് രക്ത ചംക്രമണം ത്വരിതഗതിയിലാക്കുകയും ശരീര പേശികൾക്ക് പ്രാണവായുവിന്റെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ശരീരത്തിന് ആവശ്യമായ നല്ല കൊളസ്ട്രോൾ ഉത്പാദിപ്പിക്കുന്നതിനും ഹാനികരമായ ട്രൈഗ്ളിസറൈഡ്സിന്റെ അളവ് കുറയ്ക്കുന്നതിനും ശാരീരിക അദ്ധ്വാനമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

ജോലിക്കാരായ പലരുടേയും പ്രശ്നം ദിവസേനയുള്ള വ്യായാമത്തിനോ പ്രഭാത സവാരിക്കോ അവർക്ക് സമയം കണ്ടെത്തുവാൻ കഴിയുന്നില്ല എന്നുള്ളതാണ്. എന്നാൽ ശാരീരിക അദ്ധ്വാനം ജീവിതചര്യയുടെ ഒരു ഭാഗമാക്കുവാൻ എല്ലാവർക്കും കഴിയും. ഓഫീസിലേക്ക് സൈക്കിളിലോ നടന്നോ പോകുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?. ബസ്സിലാണ് ഓഫീസിലേക്ക് പോകുന്നതെങ്കിൽ നിങ്ങളുടെ അടുത്തുള്ള സ്റ്റോപ്പിൽ നിന്നും ബസ്സിൽ കയറുന്നതിനുപകരം കുറച്ചു ദൂരം നടന്ന് അടുത്ത സ്റ്റോപ്പിൽ നിന്നും കയറാം. പച്ചക്കറി കടയിലേക്ക് സ്കൂട്ടറിൽ പോകുന്നതിനു പകരം നടന്നു പോയാലോ? രണ്ടോ മൂന്നോ നിലയുള്ള കെട്ടിടങ്ങളിൽ മുകൾ നിലയിലേക്ക് കയറുന്നതിന് ലിഫ്റ്റ് ഉപയോഗിക്കാതെ സ്റ്റെയർ കെയ്സ് ഉപയോഗിക്കാം. ഇങ്ങനെ ശാരീരികമായി സജീവമായ (Physically Active)ഒരു ജീവിതശൈലി അവലംബിക്കൂ. 'ഇരിപ്പു ദീന' ത്തിൽ നിന്നും രക്ഷ നേടൂ.

**ജേക്കബ് സാമുവൽ**
ഡയറക്ടർ, പ്രോഗ്രാംസ്

# ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷൻ പ്രതിനിധി സമ്മേളനം



പ്രതിനിധി സമ്മേളനം കളക്ടർ എം.എസ്.ജയ ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: ഇസാഫ് സ്വാശ്രയ സംഘ ഫെഡറേഷന്റെ സംസ്ഥാന പ്രതിനിധി സമ്മേളനം ടൗൺ ഹാളിൽ ജില്ലാ കളക്ടർ എം. എസ്.ജയ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ ചെയർ പേഴ്സൺ സെലീന ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ഫെഡറേഷൻ സെറ്റ്ലർ കെ പോൾ തോമസ് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.സി.ശ്രീകുമാർ, ഡെപ്യൂട്ടി മേയർ പി.വി സരോജിനി എന്നിവർ മികച്ച സംരംഭകർക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. മികച്ച ബ്രാഞ്ച് ഉപദേശക സമിതികളെ സമ്മേളനത്തോടനുബന്ധിച്ച് ആദരിച്ചു. വെൽഫെയർ ഫണ്ടു വിതരണത്തിനും അപകട മരണ ഇൻഷറുൻസ് ക്ലെയിം വിതരണത്തിനും കോർപ്പറേഷൻ കൗൺസിലർ ജയശ്രീ ഭാസ്ക്കരൻ നേതൃത്വം നൽകി. കൗൺസിലർ ശ്യാമള മുരളിധരൻ, ഇസാഫ് മൈക്രോഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ്ജ് തോമസ്, ബോർഡ് അംഗമായ വിക്രമൻ അമ്പലക്കാട്ട്, ഫെഡറേഷൻ ബോർഡ് അംഗങ്ങളായ ആർ പ്രഭ, സാബു ഏബ്രഹാം, ലതാമണി, വി. ശ്രീകുമാരി, സീനിയർ മാനേജർ അംബിക സോമൻ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ഇസാഫ് സംഘാംഗങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും സംഘടിപ്പിച്ചിരുന്നു.

# ഇസ്കോ കേന്ദ്ര ഓഫീസ് ഉദ്ഘാടനം



മന്ത്രി സി.എൻ.ബാലകൃഷ്ണൻ ഇസ്കോ കേന്ദ്ര ഓഫീസ് ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് കോ -ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയുടെ കേന്ദ്ര ഓഫീസിന്റെ ഉദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി സി എൻ ബാലകൃഷ്ണൻ നിർവ്വഹിച്ചു. സാമ്പത്തിക ഉൾപ്പെടുത്തൽ മുഖ്യ ലക്ഷ്യമാക്കി കേന്ദ്ര കൃഷി സഹകരണ മന്ത്രാലയത്തിനുകീഴിൽ 8 സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാനുള്ള അനുമതിയോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സ്ഥാപനമാണ് ഇസ്കോ. തൃശൂർ എം. എൽ. എ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മേയർ രാജൻ ജെ പല്ലൻ ബ്രാഞ്ചിന്റെ സേഫ് ലോക്കർ ഉദ്ഘാടനം ചെയ്തു. ബ്രാഞ്ചിന്റെ സോഫ്റ്റ് വെയർ സ്വിച്ച് ഓൺ കർമ്മം തലപ്പിള്ളി താലൂക്ക് കാർഷിക വികസന ബാങ്ക് പ്രസിഡന്റ് ജോസഫ് ചാലിശ്ശേരി നിർവ്വഹിച്ചു. വെൽഫെയർ ഫണ്ടും ഇൻഷുറൻസ് തുകയും യെസ് ബാങ്ക് സീനിയർ പ്രസിഡന്റ് അജയ് ദേശായി വിതരണം ചെയ്തു. ഇസ്കോ ചെയർമാൻ കെ. പോൾ തോമസ്, ഡയറക്ടർ ജോർജ്ജ് തോമസ്, കോർപ്പറേഷൻ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഡോ. എം. ഉസ്മാൻ സാഹിബ്, കൗൺസിലർമാരായ പി.യു. ഹംസ, എം. കെ വർഗ്ഗീസ്, ശ്യാമള മുരളിധരൻ, ജയശ്രീ ഭാസ്ക്കരൻ, ഒല്ലുക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് കെ.വി. ജോണി, മണ്ണുത്തി ടൗൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ജോസ് പാലോക്കാരൻ എന്നിവർ പ്രസംഗിച്ചു.

# ഇസാഫിന് റിസർവ്വ് ബാങ്കിന്റെ മൈക്രോഫിനാൻസ് അനുമതി

തൃശൂർ: ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ മൈക്രോഫിനാൻസ് രംഗത്ത് പ്രവർത്തിക്കുവാൻ റിസർവ്വ് ബാങ്ക് അടുത്തിടെ നിഷ്കർഷിച്ച പ്രത്യേക അനുമതി ഇസാഫിന് ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇസാഫ് സ്വയം സഹായ സംഘങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പകൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ട വായ്പകളാക്കി കണക്കാക്കും. കമ്പനിയുടെ കരുതൽ മൂലധനം 70 കോടിയോളം രൂപയും സ്വയം സഹായ സംഘങ്ങൾക്ക് വിവിധ വായ്പകളായി ഇതുവരെ 2591 കോടിയോളം രൂപയും ഇസാഫ് വിതരണം ചെയ്തു. സംഘാംഗങ്ങൾക്ക് മെച്ചപ്പെട്ട വ്യവസ്ഥകളിൽ വായ്പകൾ ലഭ്യമാക്കുവാനും ഇസാഫിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ വ്യത്യസ്തത കൈവരിക്കാനും സാധിക്കുമെന്ന് ഇസാഫ് മൈക്രോഫിനാൻസ് ചെയർമാൻ കെ. പോൾ തോമസ് പ്രത്യാശ പ്രകടിപ്പിച്ചു.

# സ്ഥാപക ദിനം ആചരിച്ചു

തൃശൂർ: 22-ാം സ്ഥാപക ദിനം ഇസാഫ് ആചരിച്ചു. ഇസ്കോ കോൺഫെറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫ് പ്രസിഡന്റ് പ്രൊഫ.



സ്ഥാപക ദിനത്തിൽ പ്രൊഫസർ പി സി തോമസ് സന്ദേശം നൽകുന്നു

എലിസബത്ത് ജോൺ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫസർ പി.സി. തോമസ് ക്ലാസ്സസിന്റെ സ്ഥാപകൻ പ്രൊഫ. പി.സി. തോമസ് മുഖ്യ സന്ദേശവും ഇസാഫ് സ്ഥാപക എക്സിക്യൂട്ടീവ് ഡയറക്ടർ കെ. പോൾ തോമസ് സ്ഥാപക ദിന സന്ദേശവും നൽകി. ബോർഡ് മെമ്പർമാരായ ജോർജ്ജ് തോമസ്, ക്രിസ്തുദാസ് കെ.വി., ഡയറക്ടർ പ്രോഗ്രാംസ് ജേക്കബ് സാമുവൽ, സ്ട്രാറ്റജിക് അഡ്വൈസർ എ അക്ബർ, ഇസാഫ് സൊസൈറ്റി പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോബിൻ വർഗ്ഗീസ് എന്നിവർ സംസാരിച്ചു. ഇസാഫിന്റെ പ്രവർത്തനങ്ങളിൽ 10 വർഷം പിന്നിട്ട ജീവനക്കാരെ സ്വർണ്ണനാണയം നൽകി ചടങ്ങിൽ ആദരിച്ചു. തൃശൂർ സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യാ വികാരി റവ. എ ജെ ജോൺസൺ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി.

## ശില്പശാല സംഘടിപ്പിച്ചു



കാൽനടയാത്രക്കാരുടെയും സൈക്കിൾയാത്രക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് ഇസാഫ് സംഘടിപ്പിച്ച ശില്പശാല ഡെപ്യൂട്ടി മേയർ പി വി സരോജിനി ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: കാൽനടയാത്രക്കാരുടെയും സൈക്കിൾ യാത്രക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് ശില്പശാല സംഘടിപ്പിച്ചു. ഇസാഫും നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസേർച്ച് സെന്ററുമായി (നാറ്റ്പാക്) സഹകരിച്ച് സംഘടിപ്പിച്ച പരിപാടി തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ പി.വി സരോജിനി ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ എം.എസ് ജയ, ഇസാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. പോൾ തോമസ്, നാറ്റ്പാക് മേധാവി വി. ടി ഇളങ്കോവൻ, ഡോ. രവികുമാർ, ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് കെ.വി ദാസൻ, കോർപ്പറേഷൻ കൗൺസിലർമാരായ എം.കെ വർഗ്ഗീസ്, അന്നം ജോൺ, ഇസാഫ് ലിവബിൾ സിറ്റി പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ, ബസ് ഓപ്പറേറ്റേഴ്സ് കോ-ഓർഡിനേഷൻ കമ്മറ്റി ജനറൽ സെക്രട്ടറി ജോസ് കുഴുപ്പിൽ എന്നിവർ പ്രസംഗിച്ചു.

## പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു

വർക്കല: ഇസാഫ് മൈക്രോഫിനാൻസിന്റെ 154-ാമതു ബ്രാഞ്ച് വർക്കലയിൽ ആരംഭിച്ചു. മുൻസിപ്പൽ കോർപ്പറേഷൻ ചെയർമാൻ സൂര്യപ്രകാശ് ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ പ്രസാദ് എസ്, ഇസാഫ് മൈക്രോഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ്ജ് തോമസ്, റീജിയണൽ മാനേജർ എൻ എ ജോഷി, ഏരിയ മാനേജർ ജെയ്സ് മാത്യു എന്നിവർ പ്രസംഗിച്ചു.

വെഞ്ഞാറമൂട്: വെഞ്ഞാറമൂടിൽ ആരംഭിച്ച 155-ാമതു ബ്രാഞ്ച് നല്ലനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അനിതാ മഹേശ്വരൻ ഉദ്ഘാടനം ചെയ്തു. പഴയകുന്നിൻമേൽ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അജേഷ് ജി.എൽ, നല്ലനാട് പഞ്ചായത്ത് മെമ്പർ നിഷ എസ്, മാണിക്കൽ പഞ്ചായത്ത് മെമ്പർ ശോഭന കുമാരി, ഇസാഫ് മൈക്രോഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ്ജ് തോമസ്, റീജിയണൽ മാനേജർ എൻ എ ജോഷി, ഏരിയ മാനേജർ ജെയ്സ് മാത്യു എന്നിവർ പ്രസംഗിച്ചു.

കന്യാകുമാരി: ലവഞ്ചിപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മണിവർണ്ണ പെരുമാൾ ഇസാഫ് മൈക്രോഫിനാൻസിന്റെ 156-ാമതു ബ്രാഞ്ച് കന്യാകുമാരിയിൽ ഉദ്ഘാടനം ചെയ്തു. റീജിയണൽ മാനേജർ എൻ.എ. ജോഷി അദ്ധ്യക്ഷത വഹിച്ചു. നാഗർകോവിൽ ലൂഥറൻ ചർച്ച് വികാരി റവ.അയ്യപിള്ള സമർപ്പണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തിരുനെൽവേലി ഇന്ത്യൻ ഓവർസീസ് ബാങ്ക് ബ്രാഞ്ച് മാനേജർ പ്രേമി ആർ. ജെ, ഏരിയ മാനേജർ രമേഷ് പാണ്ഡിയൻ എന്നിവർ സംസാരിച്ചു.

അണ്ണൂർ: ഇസാഫ് മൈക്രോഫിനാൻസിന്റെ 157-ാമതു ബ്രാഞ്ച് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ്ജ് തോമസ് അണ്ണൂരിൽ ഉദ്ഘാടനം ചെയ്തു. അണ്ണൂർ ടൗൺ പഞ്ചായത്ത് പ്രസിഡന്റ് റാണി സുന്ദരരാജൻ നിലവിളക്ക് തെളിയിക്കുകയും അണ്ണൂർ സി എസ് ഐ ചർച്ച് വികാരി ചാൾസ് സമർപ്പണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. അണ്ണൂർ ടൗൺ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ സി കെ വിജയകുമാർ, വാർഡ് കൗൺസിലർ എ ചന്ദ്രശേഖരൻ, ഇസാഫ് മൈക്രോഫിനാൻസ് ക്രെഡിറ്റ് ടീം ഹെഡ് ഫിലിപ്പ് ജോൺ, ഏരിയ മാനേജർ ശേഖർ ആർ എന്നിവർ പ്രസംഗിച്ചു.

കാഞ്ചിപുരം: ഇസാഫ് മൈക്രോഫിനാൻസിന്റെ 158-ാമതു ബ്രാഞ്ച് മധുരന്തകം മുൻസിപാലിറ്റി ചെയർപേഴ്സൺ മലർവിഴികുമാർ മധുരന്തകത്ത് ഉദ്ഘാടനം ചെയ്തു. ഇസാഫ് മൈക്രോഫിനാൻസ് മാനേജിംഗ് ഡയറക്ടർ കെ പോൾ തോമസ് നിലവിളക്ക് തെളിയിക്കുകയും മധുരന്തകം ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ വികാരി റവ. ആരൺ രവി സമർപ്പണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ഇസാഫ് മൈക്രോഫിനാൻസ് ക്രെഡിറ്റ് ടീം ഹെഡ് ഫിലിപ്പ് ജോൺ പ്രസംഗിച്ചു.



ചിയ്യാർ ബ്രാഞ്ചിന്റെ ഉദ്ഘാടനം കെ.പോൾ തോമസ് നിർവ്വഹിക്കുന്നു

ചിയ്യാർ: ഇസാഫ് മൈക്രോഫിനാൻസ് ചിയ്യാറിൽ ആരംഭിച്ച 159-മതു ബ്രാഞ്ച് മാനേജിംഗ് ഡയറക്ടർ കെ പോൾ തോമസ് ഉദ്ഘാടനം ചെയ്തു. ഫാദർ ജെ ഹൃദയരാജ് നിലവിളക്ക് തെളിയിക്കുകയും മധുരന്തകം ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ വികാരി റവ. ആരൺ രവി സമർപ്പണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

പളനി: ഇസാഫ് മൈക്രോഫിനാൻസിന്റെ 160-ാമതു ബ്രാഞ്ച് പളനിയിൽ ആരംഭിച്ചു. അഡ്മിനിസ്ട്രേഷൻ ജനറൽ മാനേജർ ബോസ്കോ ജോസഫ് ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു. പളനി സി എസ് ഐ ചർച്ച് വികാരി റവ. എസ് ഇമ്മാനുവേൽ സമർപ്പണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## ഇസാഫ് മൈക്രോഫിനാൻസ് പ്രവർത്തനം ജാർഖണ്ഡിൽ ആരംഭിച്ചു



ജാർഖണ്ഡിലെ ധുംക ജില്ലയിൽ കരകൗശലനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ഗ്രാമീണ സ്ത്രീകൾ

ജാർഖണ്ഡ്: അൾട്രാ പുവർ പ്രോഗ്രാമിന്റെ ഭാഗമായി ഇസാഫ് ജാർഖണ്ഡിൽ മൈക്രോഫിനാൻസ് പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ ഏഴ് വർഷമായി ഇസാഫ് ഈ മേഖലയിൽ സാമ്പത്തികേതര സേവനം നൽകിവരികയായിരുന്നു.കരകൗശല പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജാർഖണ്ഡിലെ ജനങ്ങൾക്ക് ഇസാഫിന്റെ മൈക്രോഫിനാൻസ് സേവനങ്ങൾ ആശ്വാസകരമാകുമെന്ന് ചെയർമാനും മാനേജിങ് ഡയറക്ടറുമായ കെ.പോൾ തോമസ് അഭിപ്രായപ്പെട്ടു.

## വനിതാദിനം ആചരിച്ചു



ഇസാഫിന്റെ വനിതാദിനാഘോഷം എം എസ് എം ഇ അസിസ്റ്റന്റ് ഡയറക്ടർ കത്രീനാമ്മ സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

തൃശൂർ: ഇസാഫിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. മണ്ണുത്തി സൊസൈറ്റി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ എം എസ് എം ഇ അസിസ്റ്റന്റ് ഡയറക്ടർ കത്രീനാമ്മ സെബാസ്റ്റ്യൻ വനിതാദിന സന്ദേശം നൽകി. ഇസാഫ് ഡയറക്ടർ മെറീനാ പോൾ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ജനറൽ മാനേജർ ബീന ജോർജ്ജ്, സീനിയർ മാനേജർ അംബിക സോമൻ, സന്ധ്യ സുരേഷ് എന്നിവർ പ്രസംഗിച്ചു. ഇസാഫിന്റെ മറ്റു ബ്രാഞ്ചുകളിലും വനിതാദിനം വിപുലമായി ആചരിച്ചു.

**കൂടുതൽ വാർത്തകൾക്കും ചിത്രങ്ങൾക്കും വീഡിയോകൾക്കും സന്ദർശിക്കുക:**

/esafmicrofin  /esafindia  /esafmicrofin

www.esafmicrofin.com

ഒരു ഇസാഫ് മൈക്രോഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് പ്രസിദ്ധീകരണം.